**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 78** **24-06-2026-ൽ മറുപടിയ്ക്ക്**

## ജൽ ജീവൻ മിഷൻ പദ്ധതി

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീമതി ഉമ തോമസ്

ശ്രീ. അബിൻ വർക്കി കോടിയാട്ട്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതി നിർവഹണത്തിൽ അതിയായ കാലതാമസം നേരിട്ടതിനാലുണ്ടായ പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നല്കാമോ;

**മറുപടി:** ഉണ്ട് .

എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM).

തുടക്കത്തിൽ മിഷൻ കാലാവധി 2024 ആയി നിശ്ചയിക്കുകയും പിന്നീട് 2025 വരെ ദീർഘിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ഡിസംബർ 2028 വരെയായി നീട്ടിയിട്ടുണ്ട്.

പദ്ധതിയുടെ തുടക്കത്തിൽ കോവിഡ് മൂലമുള്ള ലോക്ക് ഡൗൺ, പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ നേരിട്ട ബുദ്ധിമുട്ട്, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള താമസം, ഫണ്ടിന്റെ അപര്യാപ്തത എന്നിവ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യുന്നതിനായി സംസ്ഥാന വിഹിതത്തിന് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പയെടുക്കുവാൻ അംഗീകാരം നൽകുകയും ഇതിൽ 7000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു.

ഇതു വരെ 5610.3 കോടി രൂപ കേന്ദ്ര വിഹിതവും 13033.29 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ ആകെ - 18643.60 കോടി രൂപ ലഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ പുരോഗതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%).

JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 21.46 ലക്ഷം കണക്ഷനുകൾ നൽകിയിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 70.76 ലക്ഷം വീട്ടുകളിൽ 38.95 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55 %).

പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് (ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ) 4 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്.

ഇപ്പോൾ 7 ജില്ലകൾ 50% ന് മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).

3 ജില്ലകൾ 45% ന് മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം).

മറ്റു ജില്ലകൾ – 30% ന് മുകളിൽ കവറേജ് കൈവരിച്ചു.

പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. എല്ലാ പഞ്ചായത്തിലും 100% കവറേജ് കൈവരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വിവിധ സ്കീമുകളിലായി നാളിതു വരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവർത്തികളിൽ 3458 പ്രവർത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1490 പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

**(ബി)** പദ്ധതി നിർവഹണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ഈ പദ്ധതിക്കായി മുൻ സർക്കാർ കാലയളവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പദ്ധതിയുടെ തുടക്കത്തിൽ കോവിഡ് മൂലമുള്ള ലോക്ക്ഡൗൺ സാഹചര്യങ്ങളും മറ്റ് നിയന്ത്രണങ്ങളും കാലതാമസത്തിനു ഇടയാക്കിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിട്ടിരുന്നു. ഇതും പദ്ധതിയുടെ പുരോഗതിയെ ബാധിച്ചു. കൂടാതെ, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള താമസം തുടങ്ങിയവയും പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തിയിട്ടുണ്ട്.

ഫണ്ടിന്റെ അപര്യാപ്തത പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

ആകെ ചെലവ് (കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെ) - 18643.59 കോടി രൂപ

**(സി)** ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഫണ്ടിന്റെ അപര്യാപ്തത മൂലം കരാറുകാരുടെ ബിൽ തുക കുടിശ്ശിക വന്നതിനെ തുടർന്ന് പ്രവർത്തികൾ മന്ദഗതിയിലായ സാഹചര്യം മറികടക്കാനും മിഷന്റെ പ്രവൃത്തി മുടങ്ങാതിരിക്കാനും വേണ്ടി NABARD വായ്പയായി അനുവദിച്ച 7000 കോടി രൂപ മുൻകൂർ സംസ്ഥാനവിഹിതമായി നൽകി. കൂടാതെ മറ്റ് ഏജൻസികളിൽ നിന്നും സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തി വരുന്നു. മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുവാനും ശേഷിക്കുന്ന പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ ക്രമീകരിച്ച് പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി പരമാവധി കണക്ഷനുകൾ

നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉയർന്ന മുൻഗണനാ പ്രവൃത്തികൾ ആയി 1165 പ്രവൃത്തികളെയും ഇടത്തരം മുൻഗണനാ പ്രവൃത്തികൾ ആയി 516 പ്രവൃത്തികളെയും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപനം നടത്തുന്നതിനും വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**